<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408</u> <u>10-08-2021 - ൽ മറുപടിയ്ക്ക്</u>

<u>റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി രൂക്ഷമാക്കുന്ന തരത്തിൽ വിദേശത്തുനിന്നും വിലകുറഞ്ഞ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാൻ നീക്കം നടക്കുന്നുവെന്ന വാർത്ത കർഷകരിൽ ആശങ്ക പരത്തിയിരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) | ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ല എന്ന് ആവശ്യപ്പെട്ട് കേന്ദ്ര വാണിജ്യ വ്യവസായകാര്യ മന്ത്രിയ്ക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിയിൽ തന്നെ നിവേദനം നൽകിയിരുന്നു. സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019 ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് 06.07.2019 ലും കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. വിദേശത്തുനിന്നും വിലകുറഞ്ഞ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ചുള്ള കർഷകരുടെ ആശങ്ക വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (ബി) | റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്താനും ഷീറ്റ് റബ്ബറിന് കിലോഗ്രാമിന് ഇരുന്നൂറ് രൂപയെങ്കിലും തറവില നിശ്ചയിക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും, സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019 ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 06.07.2019ൽ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. റബ്ബറിന്റെ തറവില കിലോഗ്രാമിന് 150/- രൂപയിൽ നിന്നും ഇരുന്നൂറ് രൂപയായി ഉയർത്തുവാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് 22.02.2018-ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിലൂടെ റബ്ബറിന് മെച്ചപ്പെട്ട വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന സിയാൽ മോഡൽ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ? | (സി) | റബ്ബർ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി 'CIAL Model'-ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട് എന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ